**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കൊല്ലം ജില്ലയിലെ ചടയമംഗലം അസിസ്റ്റന്റ് എഞ്ചിനീയർ കാര്യാലയത്തിലെ ജൂനിയർ സൂപ്രണ്ട് ശ്രീമതി. ഹയറുന്നിസ എച്ച്, എൽ.ഡി. ക്ലാർക്കുമാരായ ശ്രീ. ഹർഷകുമാർ, ശ്രീ. ബിജു എസ്. എന്നിവർക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.2035/2017/തസ്വഭവ　　　　　　　　　　തീയതി, തിരുവനന്തപുരം, 19.06.2017

================================================================

പരാമർശം: 1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 24.12.2011-ലെ ഇ 2-(ക്യൂവി 2/2011/കെഎൽഎം) 10715/2011 നമ്പർ കത്ത്

2. വിജിലൻസ് (ഡി) വകുപ്പിന്റെ 24.01.2012-ലെ 13901/ഡി3/2011/വിജി. നമ്പർ കത്ത്
3. സർക്കാരിന്റെ 01.02.2013-ലെ 44784/ഇപിബി2/12/തസ്വഭവ നമ്പർ കുറ്റപത്രം
4. ശ്രീമതി. ഹയറുന്നിസ, ശ്രീ. ബിജു എന്നിവർ യഥാക്രമം 30.05.2013, 17.05.2013 എന്നീ തീയതികളിൽ സമർപ്പിച്ച എതിർവാദ പത്രികകൾ
5. പഞ്ചായത്ത് ഡയറക്ടറുടെ 06.08.2016-ലെ ഡി6-6945/2013 നമ്പർ കത്ത്

## ഉത്തരവ്

കടക്കൽ സർക്കാർ ഹയർ സെക്കന്ററി സ്കൂളിലെ നിർമ്മാണത്തിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ദ്രുതപരിശോധന നടത്തുകയും പരാമർശം (1), (2) എന്നിവ പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നല്കിയ പാർട്ട് ബില്ലിലെയും എം-ബുക്കിലെയും ക്രമക്കേടുകൾ കണ്ടെത്തുന്നതിലും അത് തിരുത്തുന്നതിലും വീഴ്ച വരുത്തി, ബില്ലുകൾ യഥാസമയം രജിസ്റ്ററിൽ എൻട്രി വരുത്തുന്നതിൽ വീഴ്ച വരുത്തി എന്നീ കുറ്റങ്ങളിന്മേൽ ചടയമംഗലം അസിസ്റ്റന്റ് എഞ്ചിനിയർ കാര്യാലയത്തിലെ എൽ.ഡി. ക്ലർക്കുമാരായ ശ്രീ. ഹർഷകുമാർ, ശ്രീ. ബിജു, ജൂനിയർ സൂപ്രണ്ട് ശ്രീമതി ഹയറുന്നിസ എന്നിവർക്കെതിരെ പരാമർശം (3) പ്രകാരം കുറ്റപത്രം നല്കി അച്ചടക്ക നടപടി ആരംഭിച്ചു. കുറ്റപത്രത്തിന് ടിയാളുകൾ പരാമർശം (4) പ്രകാരം സമർപ്പിച്ച എതിർവാദ പത്രികകളിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി.

ശ്രീമതി. ഹയറുന്നിസ സമർപ്പിച്ച എതിർവാദ പത്രികയിൽ ഗവൺമെന്റ് എച്ച്.എസ്.എസ്. കടയ്ക്കൽ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട ബില്ല് ഓഫീസിൽ ലഭിക്കുന്നത് 31/3/2010 രാത്രി 8.00 മണിയ്ക്കാണെന്നും, ഡിവിഷണൽ അക്കൗണ്ടന്റും ഇൻവേർഡ് സെക്ഷനിലെ ക്ലർക്കും ആ സമയം ഓഫീസിൽ നിന്നും പോയിക്കഴിഞ്ഞിരുന്നുവെന്നും ടെക്നിക്കൽ മെഷർമെന്റ് ചെക്ക് ചെയ്ത് 31/3/2010-ന് ബില്ല് പാസ്സാക്കിയിരുന്നില്ലെങ്കിൽ ഫണ്ട് ലാപ്സായി പോകുമായിരുന്നുവെന്നും, ഇത് രണ്ടാമത്തെ പാർട്ട് ബില്ല് ആയതിനാൽ ഇതിൽ വന്ന തെറ്റുകൾ ഫൈനൽ ബില്ലിൽ തിരുത്തിയിട്ടുള്ളതാണെന്നും ബോധിപ്പിച്ചിട്ടുണ്ട്. ശ്രീമതി ഹയറുന്നിസയുടെ വാദം കണക്കിലെടുത്താൽ ടിയാരി മനഃപൂർവ്വമല്ലാതെയാണ് ഈ കൃത്യത്തിൽ പങ്കെടുത്തതെന്ന് കാണുന്നുണ്ടെന്നും ടിയാരിയെ അച്ചടക്ക നടപടിയിൽനിന്ന് ഒഴിവാക്കാവുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ശ്രീ. ബിജു സമർപ്പിച്ച എതിർവാദ പത്രികയിൽ, മാർച്ച്മാസം 30,31 തീയതികളിൽ ഓഫീസിൽ തിരക്കുപിടിച്ച പ്രവൃത്തികൾ ചെയ്യേണ്ടിയിരുന്നതിനാൽ പ്യൂണിന്റെ കൈവശം ടി ബില്ല് കൊടുത്തുവിടാൻ കഴിയുമായിരുന്നില്ലെന്നും സബ്ഡിവിഷനിലെ ക്ലർക്ക് എന്ന നിലയിൽ പ്രസ്തുത ഓഫീസിലെ ബില്ലുകൾ സമയബന്ധിതമായി ട്രഷറിയിൽ സമർപ്പിക്കുക, കൂടാതെ സെക്ഷനിൽ നിന്നും വരുന്ന ബില്ലുകൾ ചെക്ക് മെഷർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുക തുടങ്ങിയ തിരക്കുപിടിച്ച ജോലികൾ നിർവ്വഹിക്കേണ്ടതുണ്ടായിരുന്നെന്നും, ക്ലറിക്കൽ ജോലികളും ധാരാളമുണ്ടായിരുന്നതിനാൽ ജില്ലാ ഓഫീസിൽ തപാലുമായി നേരിട്ട് എത്താൻ കഴിയുമായിരുന്നില്ലെന്നും ആ സാഹചര്യത്തിലാണ് ഡെസ്പാച്ച് രജിസ്റ്ററിൽ ചേർത്ത് കരാറുകാരൻ വശം ഈ ബില്ല് ജില്ലാ പഞ്ചായത്തിൽ കൊടുത്തുവിട്ടതെന്നും ബോധിപ്പിച്ചിട്ടുണ്ട്. ശ്രീ. ബിജു ചെയ്ത പ്രവൃത്തി ആ സമയത്തെ സാഹചര്യം കണക്കിലെടുത്ത് ടിയാനെ അച്ചടക്ക നടപടിയിൽനിന്ന് ഒഴിവാക്കാനാവുന്നതാണെന്ന് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ശ്രീ. ഹർഷകുമാർ ചെയ്തത് മനഃപൂർവ്വമായ പ്രവൃത്തി തന്നെയാണെന്നും, എം.ബുക്കിൽ രേഖപ്പെടുത്തൽ നടത്തേണ്ടത് ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറാണെന്നും അസിസ്റ്റന്റ് എഞ്ചിനീയറുടെ രേഖപ്പെടുത്തലുകൾ പേനകൊണ്ട് തിരുത്തുന്നതിന് മറ്റാർക്കും അധികാരമില്ലെന്നും എന്തെങ്കിലും തിരുത്തലുകൾ ആവശ്യമുള്ള സാഹചര്യത്തിൽ അത് അസിസ്റ്റന്റ് എഞ്ചിനീയർ രേഖപ്പെടുത്തിയത് മഷികൊണ്ട് റൗണ്ട് ചെയ്തശേഷം രേഖപ്പെടുത്തൽ നടത്തേണ്ടിയിരുന്നുവെന്നും ഒരു സാഹചര്യത്തിലും വൈറ്റ്നർ ഉപയോഗിക്കാൻ പാടില്ലാത്തതാണെന്നും ടിയാന്റെ പ്രവൃത്തി ന്യായീകരിക്കാൻ കഴിയില്ലായെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഉദ്യോഗസ്ഥർ സമർപ്പിച്ച എതിർവാദ പത്രികകളുടെയും പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാർട്ട് ബിൽ രജിസ്റ്റർ ചെയ്യാതിരുന്നതും ടെക്നിക്കൽ മെഷർമെന്റ് കൗണ്ടർചെക്ക് ചെയ്യാതിരുന്നതും ജൂനിയർ സൂപ്രണ്ട് എന്ന നിലയിൽ ശ്രീമതി. ഹയറുന്നിസയുടെ ഭാഗത്തു നിന്നുണ്ടായ വീഴ്ചയായി കാണുന്നു. ഓഫീസിൽ തിരക്ക് അധികമായതിനാലാണ് തപാൽ കരാറുകാരൻ കൈവശം കൊടുത്തയച്ചത് എന്നാണ് ശ്രീ. ബിജു ബോധിപ്പിച്ചിട്ടുള്ളത്. ഓഫീസിലെ ഔദ്യോഗിക രേഖ ഒരു കരാറുകാരൻ കൈവശം കൊടുത്തയച്ചത് എന്തൊക്കെ കാരണങ്ങൾ പറഞ്ഞാലും ന്യായീകരിക്കാനാവുന്ന ഒരു പ്രവൃത്തിയല്ല. ഈ സാഹചര്യത്തിൽ ജൂനിയർ സൂപ്രണ്ട് ശ്രീമതി. ഹൈറുന്നിസയ്ക്കും, എൽ.ഡി. ക്ലാർക്ക് ശ്രീ. ബിജുവിനും കെ.സി.എസ്.(സി.സി.&എ) ചട്ടങ്ങൾ പരാമർശിക്കുന്ന 'സെൻഷർ' നല്കിയും, കൂടുതൽ ഗുരുതരമായ കുറ്റം ചെയ്തിട്ടുള്ള ശ്രീ. ഹർഷകുമാറിന്റെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിത ഫലത്തോടെയല്ലാതെ ഒരു വർഷത്തേയ്ക്ക് തടഞ്ഞും അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇക്കാര്യത്തിൽ ആവശ്യമായ തുടർ നടപടികൾ പഞ്ചായത്ത് ഡയറക്ടർ സ്വീകരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫൻ**
ഡെപ്യൂട്ടി സെക്രട്ടറി

1. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയം, ചടയമംഗലം ഗ്രാമപഞ്ചായത്ത് (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ